# മക്രേരി  ശങ്കര വിലാസം ഗ്രാമീണ പാഠശാല യുപി സ്കൂൾ

**സ്ഥാപിതം -1896**

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

## ആമുഖം

പൊതുവിദ്യാലയ സംരക്ഷണത്തിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിവരുന്ന നൂതന ആശയങ്ങൾക്ക് ചുക്കാൻ പിടിച്ചുകൊണ്ട് നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രം ആക്കി മാറ്റാൻ അധ്യാപകരും, പൂർവ്വ വിദ്യാർത്ഥികളും, എസ്.എം.സി അംഗങ്ങളും, വിദ്യാലയ അഭ്യുദയകാംക്ഷികളായ സാമൂഹ്യപ്രവർത്തകരും ചേർന്ന് ചർച്ച ചെയ്താണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ ഭൗതിക സാഹചര്യങ്ങൾ മാനുഷിക വിഭവശേഷി സമ്പത്ത് വിവിധ സാമഗ്രികൾ എന്നിങ്ങനെ വിവിധതരം വിഭവങ്ങൾ അത്യാവശ്യമുണ്ട്.

വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും, സുരക്ഷിതവും, സ്വതന്ത്രവും, ശിശു സൗഹൃദവുമായ ഒരു അന്തരീക്ഷം ഒരുക്കിയെടുക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സഹായകരമാക്കുന്ന രീതിയിലാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. സുരക്ഷാസംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിവരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ മാത്രമേ ഒരു വിദ്യാലയം മികവുറ്റതാവുകയുള്ളൂ. ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന മുഴുവൻ പ്രവർത്തനങ്ങളും പ്രാവർത്തികമാക്കാൻ സാധിക്കും എന്ന പ്രത്യാശയോടുകൂടി ജനസമക്ഷം സമർപ്പിക്കുന്നു.

# <u>സ്കൂൾ ചരിത്രപശ്ചാത്തലം</u>

കണ്ണൂർ സൗത്ത് ഉപജില്ലയിലെ പ്രശസ്തമായ മക്രേരിയിൽ സ്ഥിതി ചെയ്യുന്ന ഗ്രാമീണ വിദ്യാലയമാണ് മക്രേരി ശങ്കര വിലാസം ഗ്രാമീണ പാഠശാല യു.പി.സ്കൂൾ. അഞ്ചരക്കണ്ടി പുഴയോരത്തെ കിലാലൂർ മക്രേരി പിലാഞ്ഞി ദേശങ്ങളിലെ വിദ്യാർത്ഥികളുടെ ഏക അവലംബം ഈ വിദ്യാലയമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങളുടെ മക്കളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്.

1896-ൽ സ്ഥാപിതമായ ഈ വിദ്യാലയത്തെ സ്വാതന്ത്ര്യസമര സേനാനിയും, സാമൂഹികപരിഷ്ക ർത്താവുമായ ശ്രീ: എ.കെ ശങ്കരൻ നമ്പ്യാർ ദേശീയ പ്രക്ഷോഭത്തിന്റെ ഭാഗമായി ഖദർ നിർമ്മാണ കേന്ദ്രം, സ്ത്രീജന വിദ്യാകേന്ദ്രം, വയോജന വിദ്യാ കേന്ദ്രം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാൽ ശ്രദ്ധേയമായ ഒരു വിദ്യാകേന്ദ്രം ആക്കി മാറ്റി. തുടർന്ന് പെൺകുട്ടികൾക്ക് വേണ്ടി ഇംഗ്ലീഷ് എലിമെന്ററി വിദ്യാലയമായും വിദ്യാഭ്യാസ നിയമം നടപ്പിലായതിനെ തുടർന്ന് അപ്പർ പ്രൈമറി വിദ്യാലയമായും ഈ വിദ്യാലയത്തെ മാറ്റാൻ സാധിച്ചു.

## നേടിയ മറ്റ് നേട്ടങ്ങൾ

**കളരി:**- 40 വർഷത്തിലേറെയായി സ്കൂളിനോട് അനുബന്ധിച്ച് നടത്തുന്ന കളരി പരിശീലനം ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാനും കളരിപ്പയറ്റ് മത്സര രംഗത്ത് ജില്ലാ - സംസ്ഥാന - ദേശീയ തലങ്ങളിൽ വരെ ശ്രദ്ധേയമായ നേട്ടം കൈവരിക്കുവാനും  നമ്മുടെ സ്കൂളിലെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ നാട്ടുകാരുടെയും മാനേജ്മെന്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കളരി പാഠശാല നവീകരിച്ചിട്ടുണ്ട്.

**സ്റ്റേജ്**:- പി.ടി.എ.യുടെയും, മാനേജ്മെന്റിന്റെയും പൂർവ്വ വിദ്യാർത്ഥികളുടെയും കൂട്ടായ ശ്രമഫലമായി നമ്മുടെ വിദ്യാലയത്തിൽ സ്റ്റേജ് നിർമ്മിച്ചിട്ടുണ്ട്.

**അത്‌ലറ്റിക് മികവ്** :- അത്‌ലറ്റിക് വിഭാഗത്തിൽ വോളിബോൾ മത്സരത്തിൽ ഉപജില്ല, ജില്ല, സംസ്ഥാന തലങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുവാനും മികച്ച നേട്ടം കൈവരിക്കുവാനും സാധിച്ചിട്ടുണ്ട്.

**നാടക ക്യാമ്പ്**:- വർഷങ്ങളായി നമ്മുടെ സ്കൂളിൽ നടത്തിവരുന്ന നാടക ക്യാമ്പിലൂടെ മികച്ച അഭിനയ പ്രതിഭകളെ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. കൂടാതെ സബ്ജില്ല, ജില്ലാതല മത്സരങ്ങളിൽ തുടർച്ചയായി മികച്ച നടീനടന്മാരായി നമ്മുടെ സ്കൂളിലെ കുട്ടികളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്.

**ലൈബ്രറി**:- ഏകദേശം 3000 ത്തോളം പുസ്തകങ്ങൾ അടങ്ങുന്നതും, കുട്ടികൾക്ക് ഇരുന്നു വായിക്കാൻ ഉതകുന്നതുമായ ലൈബ്രറി വിദ്യാലയത്തിൽ ഒരുക്കിയിട്ടുണ്ട്.

**ബാത്റൂം കോംപ്ലക്സ്**:- IEDC കുട്ടികൾക്ക് ആവശ്യമായ അഡാപ്റ്റഡ് ടോയ്‌ലറ്റോടു കൂടിയ 5 ടോയ് ലെറ്റുകളും,  ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം യൂറിനൽ ബ്ലോക്കുകളും ആധുനിക സൗകര്യത്തോടുകൂടി സജ്ജീകരിച്ചിട്ടുണ്ട്.

**പാചകപ്പുര:-** ആധുനിക സജ്ജീകരണത്തോടുകൂടിയ കിച്ചൻ കം സ്റ്റോർ റൂം വിദ്യാലയത്തിൽ നിർമ്മിച്ചിട്ടുണ്ട്.
**ശലഭോദ്യാനം:-** നാനാതരത്തിലുള്ള പൂക്കളിലെ തേൻ നുകരുവാൻ എത്തുന്ന വ്യത്യസ്തതരം പൂമ്പാറ്റകൾക്കും വണ്ടുകൾക്കും തേനീച്ചകൾക്കുമായി ശലഭോദ്യാനം ഒരുക്കിയിട്ടുണ്ട്.
**സൗണ്ട് സിസ്റ്റം:-** പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ, മാനേജ്മെൻറ് എന്നിവരുടെ സഹകരണത്തോടെ വിദ്യാലയത്തിന് സ്വന്തമായി ഒരു സൗണ്ട് സിസ്റ്റം ലഭിച്ചിട്ടുണ്ട്.
**ശിശു സൗഹൃദ പ്രീ പ്രൈമറി ക്ലാസ് മുറി:-** കുട്ടികൾക്ക് ഇണങ്ങുന്ന തരത്തിലുള്ള ചുമർ ചിത്രങ്ങളും, ഫർണിച്ചറുകളും, കളി ഉപകരണങ്ങളും അടങ്ങുന്ന ശിശു സൗഹൃദമായ ക്ലാസ് മുറി പ്രീ പ്രൈമറിക്കായി ഒരുക്കിയിട്ടുണ്ട്.

സ്പോക്കൺ ഇംഗ്ലീഷ്, എൽ.എസ്.എസ്,സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷകൾക്കായുള്ള പ്രത്യേക പരിശീലനത്തിലൂടെ കുട്ടികൾക്ക് മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചുവരുന്നു.

**സ്കൂളിൻറെ പരിമിതികൾ:-** വിദ്യാലയത്തിന് പൂർണ്ണമായ ഒരു ചുറ്റുമതിൽ ഗേറ്റ്, കവാടം എന്നിവയില്ല. പ്രീ പ്രൈമറി കുട്ടികൾക്ക് കളിക്കാൻ ആവശ്യമായ പാർക്ക് ഇല്ലാത്തതും, പൊതുവായി എല്ലാവർക്കും ഉപയോഗിക്കാൻ ആവശ്യമായ കമ്പ്യൂട്ടർ ലാബ്, വിഷയാടിസ്ഥാനത്തിലുള്ള ലാബ് സൗകര്യങ്ങൾ ഇല്ലാത്തതും വിദ്യാലയത്തിന്റെ പരിമിതികളാണ്. പ്രീ-കെ.ഇ.ആർ ബിൽഡിങ്ങുകൾക്ക് അടച്ചുറപ്പില്ലാത്തതും മറ്റൊരു പരിമിതിയാണ്.

**സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ**:- നമ്മുടെ സ്കൂളിന്റെ എൽപി യുപി വിഭാഗങ്ങൾ രണ്ട് സ്ഥലങ്ങളിലായാണ് പ്രവർത്തിക്കുന്നത് വിഭാഗം വയലിൻ കരയിൽ കണ്ണോത്ത് പറമ്പത്തും യുപി വിഭാഗം ഒരു ഫർലോങ്ങ് അകലെ തൊടിയിൽ കുന്നിൻ പുറത്തും പ്രവർത്തിക്കുന്നു വയലും തോടും മുറിച്ച കടന്നുവേണം അധ്യാപകർക്കും കുട്ടികൾക്കും ഇരു വിദ്യാലയങ്ങളിലുമായി പഠനപ്രവർത്തനങ്ങൾ ബന്ധപ്പെടാൻ കേന്ദ്രീകൃതമായ പഠനപ്രവർത്തനത്തിന് വിദ്യാലയത്തിന്റെ വേറിട്ട സ്ഥിതി ഒട്ടനേകം അസൗകര്യങ്ങൾ സൃഷ്ടിക്കുന്നുണ്ട് കൂടാതെ കെട്ടിടങ്ങൾക്ക് അടച്ചുറപ്പുള്ള വാതിലുകളും ജനാലുകളും ജനാലകളും ഇല്ലാത്തതും പഠന പ്രവർത്തനത്തെ സുഗമമായി നടത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.

**അക്കാദമിക മാസ്റ്റർ പ്ലാൻ (പൊതു ലക്ഷ്യങ്ങൾ)**

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠന നേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. കുട്ടികളുടെ സർഗ്ഗപരവും, അക്കാദമികവും, കായിക പരവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
3. മുഴുവൻ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം (പഠിക്കുന്ന കുട്ടികൾക്ക്) ഭാഷകൾ അനായാസേന വായിക്കാനും എഴുതാനും സംസാരിക്കുവാനുള്ള കഴിവ് ഉറപ്പുവരുത്തുക.
4. കുട്ടികളുടെ പഠന നേട്ടം കൃത്യമായി നിർണയിക്കുകയും, രക്ഷിതാക്കളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിന്.
5. കായികപരവും, ആരോഗ്യപൂർണ്ണവുമായ ഒരു പുതിയ തലമുറയെ രൂപപ്പെടുത്താൻ.
6. കുട്ടികളിൽ ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിച്ചുകൊണ്ട് ശാസ്ത്ര പഠനം ശക്തിപ്പെടുത്താൻ.
7. കുട്ടിശാസ്ത്രജ്ഞന്മാരെ വളർത്തിയെടുക്കാൻ ലോ കോസ്റ്റ്, സീറോ കോസ്റ്റ് സാമഗ്രികൾ ഉപയോഗിച്ച് പഠന സാമഗ്രികൾ നിർമ്മിക്കാനുള്ള കഴിവ് വളർത്തിയെടുക്കാൻ.
8. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കൽ.
9. പാരിസ്ഥിതിക അവബോധം, ശുചിത്വ അവബോധം എന്നിവ വളർത്തിയെടുക്കൽ.
10. മുഴുവൻ കുട്ടികൾക്കും എഴുത്തും വായനയും ഉറപ്പാക്കൽ.
11. മുഴുവൻ കുട്ടികൾക്കും ചതുഷ് ക്രിയകൾ ഉറപ്പിക്കൽ.
12. യു.പി വിഭാഗം പെൺകുട്ടികൾക്ക് തയ്യൽ പരിശീലനം.
13. എൽ.പി, യു.പി വിഭാഗം പെൺകുട്ടികൾക്ക് സൈക്ലിങ് പരിശീലനം.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ 2025.26

## I$^{st}$-STD

## ആമുഖം

ഒന്നാം ക്ലാസ്സിൽ പ്രവേശിക്കുന്ന കുട്ടികൾക്കിടയിൽ കഴിവുകളും ഭാഷാ പരിചയങ്ങളും വ്യത്യാസമുള്ളതിനാൽ അവരെ വ്യക്തിപരമായി മനസ്സിലാക്കി തങ്ങളെ കുറിച്ചും പരിസരത്തെക്കുറിച്ചും അറിയാനും മനസ്സിലാക്കുവാനും സഹായിക്കുന്ന പഠനാന്തരീക്ഷം ഒരുക്കുകയാണ് ലക്ഷ്യം. ഭാഷ, ഗണിതം, പരിസര പഠനം, ക്രിയാത്മകത, ഐ.സി.ടി, കായികം എന്നിവയുമായി ബന്ധപ്പെട്ട ഉത്ഗ്രഥിത (Integration) അധ്യയന പരിപാടികൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വിഷയതലമായി പഠന ക്രമം

**മലയാളം (ഭാഷാശേഷി വികസനം)**

**ഉദ്ദേശ്യം :** വായന, എഴുത്ത്, കേൾവി, സംസാരശേഷി

**പ്രവർത്തനങ്ങൾ:-**

- ❖ ചിത്രങ്ങൾ കണ്ടു കഥ പറയൽ
- ❖ കുട്ടികൾക്കായി കഥാ പാരായണം, ചെറിയ നാടകങ്ങൾ
- ❖ കവിത വായന, പാടൽ, പഠനങ്ങൾ
- ❖ ചേർന്ന് വായന : ചിഹ്നങ്ങൾ, പതിപ്പുകൾ ഉപയോഗിച്ച്
- ❖ വാചക ക്രമീകരണം:

  ഇമോഷൻ കാർഡുകൾ ഉപയോഗിച്ച് പ്രകടനം.

**ഗണിതം (സംഖ്യ, ലളിത കൃത്യങ്ങൾ, അളവുകൾ)**

**പ്രവൃത്തികൾ:**

- ❖ ഗണിത ഗെയിമുകൾ (Number hopscotch, Dice games)
- ❖ സ്മാർട്ട് ചാർട്ടുകൾ, ക്ലോക്കുകൾ- സമയം പഠിക്കാൻ
- ❖ പച്ചക്കറി, ഫലം ഉപയോഗിച്ച് കൂട്ടൽ /കുറയ്ക്കൽ
- ❖ മാപന കിറ്റുകൾ ഉപയോഗിച്ച് നീളം/ഭാരം / അളവ്
- ❖ തരാംഗണങ്ങൾ ഉപയോഗിച്ച് ആകൃതികൾ പഠിക്കുക

**ഇംഗ്ലീഷ്**

**പ്രവൃത്തികൾ:**

- ❖ Phonic songs, Rhymes enactment
- ❖ Letter hunt, sand tracing
- ❖ Flash cards game- alphabets & words.
- ❖ Conversation comers : Role play like “At the market” “in the class room”.
- ❖ Picture talk : കുട്ടികൾക്ക് ചിത്രം കൊടുത്ത് ചോദ്യങ്ങൾ ഭാഷാ കൗശലം വർദ്ധിപ്പിക്കാൻ.

**പരിസരപഠനം**

**പ്രവൃത്തികൾ:**

- ❖ “ഞാൻ ആരാണ്" പോസ്റ്റർ നിർമ്മാണം.
- ❖ കുട്ടികളുടെ വീട്ടു പ്രദർശനം - ഫോട്ടോ, സ്കെച്ചുകൾ
- ❖ പുതിയ അനുഭവങ്ങൾ രേഖപ്പെടുത്തൽ
- ❖ അനുഭവക്കുറിപ്പുകൾ
- ❖ പച്ചക്കറിത്തോട്ടം ഒരുക്കൽ
- ❖ കുടുംബം സ്നേഹബന്ധങ്ങൾ, ഉത്സവങ്ങൾ

**ഐ.ടി (ICT)**

**പ്രവൃത്തികൾ:**

- ❖ വീഡിയോ ക്ലിപ്പുകൾ, അക്ഷരങ്ങൾ, ജീവജാലങ്ങൾ, ഗാനങ്ങൾ
- ❖ പാഠപദ്ധതിക്ക് അനുയോജ്യമായ ആപ്പ് /ഗെയിമുകൾ

- ❖ ഇന്ററാക്റ്റീവ് വൈറ്റ് ബോർഡ് ഉപയോഗം - ചിഹ്നങ്ങൾ വഴി പഠനം

**നിർമ്മാണ പ്രവർത്തനങ്ങൾ (Creative Activities)**

- ❖ കൈ കൊണ്ട് തയ്യാറാക്കൽ : clay, paper craft, leaves
- ❖ കാഴ്ചപ്പാടുകൾ തയ്യാറാക്കൽ : പടം കോർക്കൽ, പ്ലാസ്റ്റിക്ക് കപ്പ്, സ്റ്റിക്കർ ഉപയോഗിച്ച് രൂപങ്ങൾ

**PTA, SRG രക്ഷിതാക്കളുടെ പങ്ക്**

**PTA (Parent Teacher Association)**

- മാസത്തിൽ ഒരിക്കൽ രക്ഷിതാക്കളുടെ കൂടിയാലോചന
- കുട്ടികളുടെ പുരോഗതി, സംസ്കാര പാഠങ്ങൾ ശീലങ്ങൾ എന്നിവ പങ്കുവയ്ക്കൽ
- പരിപാലന സഹായം :Mid day meal, play materials

**SRG (School Resource Group)**

- അധ്യാപികയ്ക്ക് Pedagogical Training Teaching learning tools.
- ക്ലാസ്സിൽ മൂല്യമയമുള്ള പ്രവർത്തനങ്ങൾ അവതരിപ്പിക്കാൻ പിന്തുണ.
- വാർഷിക അധ്യയന അവലോകനം നടത്തൽ

**രക്ഷിതാക്കളുടെ പങ്ക്**

- Story sharing sessions: വീട്ടിൽ പറയുന്ന കഥകൾ കുട്ടികളിൽ പങ്കിടുക.
- Home reading card : വീടുകളിൽ കുട്ടികളുടെ വായനാ പരിശീലനം.
- വാർഷിക പരിപാടികളിൽ പങ്കാളിത്തം : ഉപദേശങ്ങൾ, സഹകരണം, വിനിമയ രീതി, ഉത്തേജന മാർഗ ങ്ങൾ

- Portfolio system : കുട്ടികളുടെ പ്രവർത്തനങ്ങൾ പകർത്തുന്ന രീതി
- Learning Corner : ഓരോ വിഷയത്തിനും ക്ലാസിൽ പറ്റിയ learning space.
- Class Diary/communication Book : വീട്ടിലേക്കുള്ള പഠന വിവരം
- Weekly star system : കുട്ടികളുടെ മാറ്റങ്ങൾ വിലയിരുത്തുന്ന ഉത്തേജനം.
- Reflection sessions : കുട്ടികൾക്ക് സ്വന്തം പ്രകടനം വിലയിരുത്തൽ

**Conclusion (തീർച്ച):**

ഈ മാസ്റ്റർ പ്ലാൻ ഒന്നാം ക്ലാസിലെ കുട്ടികൾക്ക് സ്വാഭാവികമായും ആഹ്ളാദത്തോടെ പഠിക്കുവാനുള്ള അന്തരീക്ഷം സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നു. ഓരോ കുട്ടിയും പഠനത്തിലൂടെ വളരുകയും അവരുടെ ആത്മവിശ്വാസം, സർഗാത്മകത, മനുഷ്യത്വം, ബോധ തലങ്ങൾ എന്നിവ ഉയരുകയും ചെയ്യുകയാണ് പ്രധാന ലക്ഷ്യം. പാഠപദ്ധതിയും അധ്യാപക നവീനതകളും ചേർന്ന് രക്ഷിതാക്കളുടെ പങ്കാളിത്തം ഉൾപ്പെടുത്തി സ്കൂൾ വളർച്ചയ്ക്ക് ദിശയാകും.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ 2025.26

## II nd -STD

## ആമുഖം

കുട്ടികളിലെ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സ് തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

- ❖ രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനോടനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും, പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- ❖ തെറ്റുകളില്ലാത്ത ക്ലാസ്സ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

| പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| പ്രീ ടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു. ചിത്ര കാർഡുകൾ നൽകൽ (ചിത്രവും, പദവും) ഭാഷണത്തിന് ക്ലാസ്സിൽ അവസര മൊരുക്കൽ ഭാഷയുമായി ബന്ധപ്പെ ട്ട ICT സാധ്യത ഉറപ്പാക്കുന്നു. ക്ലാസ്സ് ലൈബ്രറി, വീട്ടു ലൈബ്രറി ഒരുക്കൽ, ചിത്ര വിവരണം വായനാ തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു | അധ്യാപിക<br>രക്ഷിതാവ്<br>കുട്ടികൾ | ജൂൺ മുതൽ മാർച്ച് വരെ | |

## ആമുഖം

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം ഓരോ കുട്ടിയും. തുടക്ക വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനയ്ക്കും, ശ്രവ്യ വായനക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ. ഓരോ യൂണിറ്റും കഴിയുന്നതോടെ ആ പാഠഭാഗത്തിന്റെ സത്ത മറന്നു പോകാതെ ആശയങ്ങൾ ക്രമമായി ഓർക്കുന്നതിനും ഗ്രഹിക്കുന്നതിനും ഈ പ്രവർത്തനം സഹായിക്കുന്നു. കുട്ടികൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ആഖ്യാനം, സംഭാഷണം എന്നിവ കണ്ടെത്തി നാടകാവിഷ്കാരം പോലെ വായിക്കുന്നു. ചമയങ്ങൾ ഒന്നുമില്ലാതെ ആവശ്യമായ ശബ്ദ വ്യത്യാസവും വരുത്തി പാഠഭാഗം വായിക്കുന്നത് കുട്ടിയെ ആശയങ്ങൾ ഉറപ്പിക്കുവാനും വായനയോടുള്ള അതിയായ ആഗ്രഹം  വർദ്ധിപ്പിക്കാനും സഹായിക്കുന്നു.

### ലക്ഷ്യം

- ❖ ഭാഷയെ ഹൃദ്യവും സർഗാത്മകവും ആസ്വാദ്യകരവും ആക്കുന്നു.
- ❖ പാഠപുസ്തകങ്ങളിലെയും, ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.

| പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| ✓ എസ്. ആർ ജി യിൽ ആശയം പങ്കിടൽ<br>✓ ക്ലാസ് പി.ടി.എ യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പുവരുത്തലും<br>✓ എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യകൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക.<br>✓ മികച്ച അവതരണങ്ങൾ ക്ലാസ് സ്കൂൾതല സഭകളിൽ അവതരിപ്പിക്കുന്നു. | ക്ലാസ് അധ്യാപിക<br>രക്ഷിതാക്കൾ<br>കുട്ടികൾ | ജൂൺ<br>മുതൽ<br>മാർച്ച് വരെ | |

## ആമുഖം

ദൈനംദിന അനുഭവങ്ങളെ ആത്മാംശം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാ പഠനത്തിൽ രചനയുടെ അടിസ്ഥാനശേഷി വികസനം സാധ്യമാക്കുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. കുട്ടിയെ സർഗാത്മക രചനയിലേക്ക് നയിക്കുന്നതിൽ സംയുക്ത ഡയറി വളരെ സ്വാധീനം ചെലുത്തുന്നു.

## ലക്ഷ്യം

- സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
- സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു.
- ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.

| പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| ✓ ക്ലാസ് പി.ടി.എ യിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു.<br>✓ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു.<br>✓ എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.<br>✓ ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.<br>✓ കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസ്സിൽ പങ്കുവെക്കുന്നു | അധ്യാപകൻ<br>കുട്ടികൾ<br>രക്ഷിതാക്കൾ | ജൂൺ<br>മുതൽ<br>മാർച്ച് വരെ | |

# അക്കാദമിക

# മാസ്റ്റർ പ്ലാൻ 2025.26

## III[rd]-STD

## ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പാക്കുന്ന ഘട്ടമാണിത്. ഒരു വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം സമഗ്രമായ വികാസമാണ് എല്ലാവരും ലക്ഷ്യമിടുന്നത്. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്കൂൾതലത്തിൽ കൃത്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇതിന് സഹായകരമായ തരത്തിൽ അക്കാദമിക മാസ്റ്റർ പ്ലാനും വികസിപ്പിക്കേണ്ടതുണ്ട്.

കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അവർക്കാവശ്യമായ പഠന പിന്തുണ നൽകുക എന്നത് സമഗ്ര ഗുണമേന്മാ പദ്ധതിയുടെ അനിവാര്യമായ ഘടകമാണ്.

മൂന്നാം ക്ലാസ് കഴിയുന്നതോടുകൂടി എന്റെ ക്ലാസിലെ മുഴുവൻ കുട്ടികളും മുഴുവൻ പഠന ലക്ഷ്യങ്ങളും കൈവരിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അതിനായി ഫലപ്രദമായ രീതിയിൽ പാഠാസൂത്രണം തയ്യാറാക്കി നിർവഹിക്കും. മാത്രമല്ല, ഓരോ കുട്ടിക്കും പ്രത്യേകം അക്കാദമിക മാസ്റ്റർ പ്ലാനും തയ്യാറാക്കും.

## ലക്ഷ്യം

- ❖ നാടൻ പാട്ട് ചൊല്ലിയിട്ടും സ്വയം താളം പിടിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.
- ❖ വായ്ത്താരി നിർമ്മാണത്തിൽ സ്വയം പ്രാവീണ്യം നേടുക.
- ❖ പഴഞ്ചൊല്ലുകളും, നാട്ടുമൊഴി വഴക്കങ്ങളും സ്വന്തം ഭാഷാപ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്തുവാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ❖ സാഹിത്യ രചനകൾ വായിച്ചു കേട്ടും, സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക.

| ക്രമ നം. | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| 1 | **<u>വായ്ത്താരി ചന്തം :-</u>**<br>വ്യത്യസ്ത ഈണത്തിലുള്ള വായ്ത്താരികൾ അടങ്ങിയ പാട്ടുകൾ കേൾക്കുന്നു, അവതരിപ്പിക്കുന്നു.<br>**<u>വായ്ത്താരി മേളം :-</u>**<br>ശേഖരിച്ച വായ്ത്താരികൾ പ്രഭാത സർഗ്ഗ വേള, ബാലസഭ എന്നിവയിൽ അവതരണം.<br>ശേഖരിച്ച വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ അടങ്ങിയ പതിപ്പ് തയ്യാറാക്കൽ<br>**നാടൻപാട്ട് ശില്പശാല** | ക്ലാസ്ടീച്ചർ<br>പൂർവാധ്യാപിക<br>പി.ടി.എ | ജൂൺ |
| 2. | **<u>പഴഞ്ചൊൽ പൊലിമ :-</u>**<br>പഴഞ്ചൊല്ലുകൾ ശേഖരണം,<br>പഴഞ്ചൊല്ലുകളിൽ അടങ്ങിയ ആശയാവിഷ്കാരം<br>**<u>ഒരു ദിനം ഒരു പഴഞ്ചൊല്ല്:</u>**<br>കുട്ടികൾക്ക് ഒരു ദിനം ഒരു പഴഞ്ചൊല്ല് നൽകുന്നു. പഴഞ്ചൊല്ലിലെ ആശയം എഴുതിപ്പിക്കുന്നു.<br>പഴഞ്ചൊൽ പൊലിമ പതിപ്പ് നിർമ്മാണം | ക്ലാസ് ടീച്ചർ | ജൂൺ<br>ജൂലൈ |
| 3. | **<u>റീഡേഴ്സ് തിയേറ്റർ</u>** :-<br>കുട്ടികൾക്ക് പരിചിതമായ കഥ നൽകുന്നു. കഥാപാത്രാവിഷ്കാരം, സ്ക്രിപ്റ്റ് രചന, വായന, അവതരണം | ക്ലാസ് ടീച്ചർ<br>പ്രാദേശിക എഴുത്തുകാരൻ | ജൂലായ് |
| | | | |

| ക്രമ നം. | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| 4 | **കടങ്കഥ:-**<br>വിവിധ മേഖലകളുമായി ബന്ധപ്പെട്ട കടങ്കഥ ശേഖരണം.<br>കടങ്കഥ നിർമ്മാണം കടങ്കഥ പതിപ്പ് ശില്പശാല | ക്ലാസ് ടീച്ചർ<br>വിദ്യാരംഗം ക്ലബ്ബ് | ജൂലൈ<br>ആഗസ്റ്റ് |
| 5. | **കഥോത്സവം:-**<br>നാട്ടുകഥകൾ ശേഖരണം, അവതരണം | പ്രാദേശിക കഥാകൃത്ത് | ആഗസ്റ്റ് |
| 6. | **നിഘണ്ടു പരിചയം:-**<br>പുതിയ പദങ്ങൾ പരിചയപ്പെടുന്നു. അക്ഷര മരത്തിൽ പ്രദർശിപ്പിക്കുന്നു. | ക്ലാസ് ടീച്ചർ | ജൂൺ<br>മാർച്ച് |

**പരിസര പഠനം**

| ക്രമ നം. | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| 1 | ✓ ചെടികൾ നിരീക്ഷിക്കുന്നു<br>✓ പ്രകൃതി നടത്തം<br>✓ വിത്ത് മുളപ്പിക്കൽ<br>✓ പരിസ്ഥിതി ദിനാചരണം<br>✓ ഹരിത കാർഡ് നിർമ്മാണം | SRG<br>ക്ലാസ് ടീച്ചർ | ജൂൺ |
| 2. | ✓ വ്യത്യസ്തതരം ജീവികളെ നിരീക്ഷണം<br>✓ ചിത്രശേഖരണം<br>✓ മണ്ണ് നിരീക്ഷണം<br>✓ ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം | ക്ലാസ് ടീച്ചർ | ജൂലൈ |
| 3. | സ്കൂൾ ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ | SRG, P T A | ജൂൺ, മാർച്ച് |

| | | | |
|---|---|---|---|
| 4 | മഴ മാപിനി നിർമ്മാണം<br>ജലസംരക്ഷണ പോസ്റ്റർ<br>മണ്ണ് കൊണ്ടുള്ള രൂപങ്ങൾ നിർമ്മാണം<br>ആശയപടം തയ്യാറാക്കൽ | ക്ലാസ് ടീച്ചർ<br>SRG | ആഗസ്റ്റ് |
| 5. | ശുചിത്വ പോസ്റ്റർ<br>സ്കൂൾ ശുചിത്വ ക്ലബ്ബ് പ്രവർത്തനം<br>ആരോഗ്യപ്രവർത്തകരുമായുള്ള അഭിമുഖം | SRG | ജൂൺ<br>മാർച്ച് |
| 6. | ഫീൽഡ് ട്രിപ്പ്, ഭക്ഷണപ്രദർശനം, എൻറെ ആരോഗ്യ കാർഡ് ഓരോ കുട്ടിക്കും, സ്കൂൾ പച്ചക്കറിത്തോട്ടം , ശരിയായ ഭക്ഷണശീലം | PTA<br>MPTA<br>SRG | ഒക്ടോബർ |
| 7 | ആരോഗ്യ വിദഗ്ധരുമായുള്ള ക്ലാസ്സ്<br>റോൾപ്ലേ റോഡ് നിയമങ്ങൾ<br>ഫസ്റ്റ് എയ്ഡ് കിറ്റ്<br>സ്വയം സുരക്ഷ - ബോധവൽക്കരണ ക്ലാസ് | SRG<br>PTA<br>CPTA | നവംബർ |
| 8 | പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ ഗ്ലോബ് ഐസിടി ഗ്ലോബ് നിർമ്മാണം ദേശീയ പതാക വരയ്ക്കൽ ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ ഭൂപട വായന എൻറെ കേരളം ഭൂപ്രകൃതി തിരിച്ചറിയാം | ക്ലാസ് ടീച്ചർ<br>എസ് ആർ ജി | ഡിസംബർ |
| 9 | വീട് നിർമ്മാണ ഇടം സന്ദർശനം, അഭിമുഖം, സർവ്വേ, ആൽബനിർമ്മാണം | PTA | ജനുവരി<br>ഫെബ്രുവരി |
| 10 | പഠനോത്സവം | മാർച്ച് | PTA, SRG |

# അക്കാദമിക

# മാസ്റ്റർ പ്ലാൻ 2025.26

## IVth-STD

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് | കുട്ടികളുടെ നിലവാരം അറിയുന്നതിന് വേണ്ടി പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• ചിഹ്നങ്ങൾ എഴുതിയ കാർഡ് നൽകൽ വാക്യങ്ങൾ  നിർമ്മിക്കൽ<br>• ചിത്രം നൽകി അടിക്കുറിപ്പ്, കഥ, കവിത ബാക്കിഭാഗം പൂരിപ്പിക്കുക<br>• വലിയ അക്ഷരമുള്ള കഥാപുസ്തകം നൽകൽ<br>• പത്രവായന | ക്ലാസ് ടീച്ചർ<br>എസ്. ആർ ജി | ജൂൺ ജൂലൈ<br><br>ആഗസ്റ്റ് മാർച്ച്<br>ആഗസ്റ്റ് മാർച്ച് | പിടിഎ ഫണ്ട് |
| വായനാശേഷി വളർത്തൽ | • ക്ലാസ്സ് വായനാക്കൂട്ടം<br>• ക്ലാസ്സ് ലൈബ്രറി ഒരുക്കൽ<br>• പുസ്തകപരിചയം<br>• വായനാക്കുറിപ്പ്<br>• ആസ്വാദനക്കുറിപ്പ് | HM<br>SRG<br>ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | PTA |

| | | | | |
|---|---|---|---|---|
| | • പുസ്തക സംവാദം | | | |
| എഴുത്തു പരിപോഷിപ്പിക്കൽ | • പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | |
| സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | • ഓർമ്മ ദിനങ്ങൾ ആചരിക്കൽ<br>• ഡോക്യുമെൻററി പ്രദർശനം<br>• പുസ്തക പരിചയം<br>• ക്വിസ്, പതിപ്പ് തയ്യാറാക്കൽ | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ഐ.സി.ടി) | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | |
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | • കവികളെ കുറിച്ചുള്ള ഡോക്യുമെൻററി പ്രദർശനം<br>• പുസ്തക പ്രദർശനം | അധ്യാപകർ | ജൂൺ, ഡിസംബർ | |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| ഒറിഗാമിയിലൂടെ പഠിക്കാം<br>ഗണിതശാസ്ത്ര പഠനം രസകരമാക്കാൻ കര ചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | ഗണിത അധ്യാപിക | ജൂൺ<br>ജൂലൈ | |
| രൂപങ്ങൾ | ഗണിതരൂപങ്ങളെ തിരിച്ചറിയുന്നു | ഗണിത | ജൂൺ | |

| | | | | |
|---|---|---|---|---|
| തിരിച്ചറിയൽ,നിർമ്മിക്കൽ | നിർമിക്കുന്നു | അധ്യാപിക | | |
| ഗണിത പസിൽ | ഗണിതത്തോട് ആഭിമുഖ്യം ഉണ്ടാക്കാൻ വേണ്ടി ഗണിതഫസിൽ അവതരിപ്പിക്കുന്നു | ഗണിത അധ്യാപിക | വർഷം മുഴുവൻ | |
| ചിത്ര പാറ്റേൺ പൂർത്തിയാക്കൽ | ചിത്ര പാറ്റേൺ കുട്ടികളെ പരിചയപ്പെ ടുത്തുന്നു. സ്വന്തമായി പാറ്റേൺ രൂപീകരിക്കാൻ നിർദ്ദേശം നൽകുന്നു. | ഗണിത അധ്യാപിക | ജൂൺ | |
| മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം<br>കുട്ടികൾക്ക് ഇഷ്ടമുള്ള സംഖ്യ എഴുതാൻ പറയുന്നു. കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1/ 100/ 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റി.<br>സംഖ്യ സൂര്യൻ<br>മൂന്നക്ക നാലക്ക സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിച്ച് എഴുതുന്നു.<br>ക്രമീകരണം<br>സംഖ്യകളെ അബാക്കസ്, അരവിന്ദ ഗുപ്ത കാർഡ് തുടങ്ങിയ ഉപയോഗിച്ച് നിർമ്മിക്കുന്നു. | | ജൂലൈ<br>ആഗസ്റ്റ് | |
| കളിക്കാം ഗണിക്കാം | വിവിധതരം കളികൾ ആസൂത്രണം | SRG | വർഷം മുഴുവൻ | |

| | | | | |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കാൻ (ചതുഷ് ക്രിയകൾ ലളിതമാക്കൽ) | ചെയ്യൽ, നടപ്പാക്കൽ. മൂല്യനിർണയം (ഏണിയും, പാമ്പും ഡയസ് കളി, സങ്കലനം, വ്യവകലനം | ക്ലാസ് ടീച്ചർ | | |
| ഗണിതലാസ് ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാസ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | HM, SRG ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | |
| ഗണിത പഠനോപകരണ നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ഗണിത അധ്യാപിക | ആവശ്യാനുസരണം | |
| ഗണിത മേള ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ പഠനോല്പന്നങ്ങളുടെ പ്രദർശനം | SRG ക്ലാസ് ടീച്ചർ | വർഷത്തിലൊന്ന് | |
| സമയത്തെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുന്നതിന് | ക്ലോക്ക് നിർമ്മാണം, സമയം ക്രമീകരിക്കൽ | ഗണിത അധ്യാപിക | ഒക്ടോബർ | |
| കലണ്ടർ ഗണിതം | കലണ്ടർ പരിചയപ്പെടുത്തുന്നു. കലണ്ടറിലെ സംഖ്യകളുടെ പരസ്പര ബന്ധം കണ്ടെത്തുന്നു, പാറ്റേൺ നിർമ്മിക്കുന്നു | ഗണിത അധ്യാപിക | ഒക്ടോബർ നവംബർ | |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള അവസരം നൽകുന്നു | | വർഷം മുഴുവൻ | |

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമഗ്രികൾ |
|---|---|---|---|---|
| പരിസ്ഥിതിയെ അറിയാം | പരിസ്ഥിതി പദങ്ങൾ ശേഖരണം വീട്ടിലെയും സ്കൂളിലെയും സസ്യ വൈവിധ്യം- പട്ടിക തയ്യാറാക്കൽ | EVS TR<br>EVS TR<br>CLASS TR | പഠന പ്രവർത്തനത്തോടൊപ്പം | റഫറൻസ് പുസ്തകങ്ങൾ<br>പാഠപുസ്തകങ്ങൾ<br>റഫറൻസ് ബുക്ക്<br>അഭിമുഖം<br>ഇൻറർനെറ്റ് |
| കാർഷിക മനോഭാവം വളർത്തൽ | വിഷരഹിത പച്ചക്കറി, വിവിധ കാലങ്ങളിലെ പച്ചക്കറി കൃഷി, മനസ്സിലാക്കൽ, കൃഷിയിൽ ഏർപ്പെടൽ | കാർഷിക ക്ലബ്ബ് | June-March | നടീൽ വസ്തുക്കൾ<br>ശാസ്ത്ര മാസികകൾ<br>കൃഷി ഓഫീസ റുമായി അഭിമുഖം |
| ശേഖരണ മനോഭാവം വളർത്തൽ | ശാസ്ത്ര വാർത്ത ശേഖരണം, സസ്യ ജന്തുജാല വൈവിധ്യങ്ങളുടെ ജൈവവൈവിധ്യ ആൽബം തയ്യാറാക്കൽ | EVS TR<br>CLASS TR | ആഴ്ചകളിൽ | മാഗസിനുകൾ<br>ന്യൂസ് പേപ്പർ |
| മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം | ശുചിത്വ സ്ക്വാഡ് രൂപീകരണം<br>ശുചിത്വ സർവ്വേ | ശുചിത്വ ലീഡർമാർ | ആഴ്ചയുടെ അവസാനം വെള്ളി | സർവ്വേ ഫോർമാറ്റ് |

# ACADEMIC MASTER PLAN

# 2025-26

# ENGLISH-LP

**AIM:–**

To speak, read and write English without any mistakes.

**PRETEST:-**

To check the vocabulary and writing skills of students.

**JUNE, JULY:-**

To develop listening skill and reading skill.

**LISTENING SKILLS**

- Games, Action songs
- Conversations, skit, stories using ICT.

**SPEAKING SKILLS**

- Identify the naming words from the picture.
- Identify the action words from the same picture.
- Make simple sentences using the action words and naming words about the picture.
- Make simple description about the picture.
- Growing sentences, picture reading, self introduction.

**AUGUST, SEPTEMBER**

- Develop the **creative speaking and writing.**

**READING** SKILLS

- News paper reading, library books reading
- Find words
- Rhyming words, describing words etc.

- Text book activities.

**WRITING SKILLS**

- Make word web
- Picture description with describing words
- Word chain, sentence chain
- Make riddles, conversations
- Add more lines

**OCTOBER, NOVEMBER**

To express thoughts, feelings etc.

**READING SKILLS**

- Conversations, skill, stories use ICT
- Develop story
- Read notice

**WRITING SKILLS**

- Description
- Notice
- Proclamation
- Thoughts

**DECEMBER, JANUARY**

- Develop the creative speaking and writing.
- To develop/express thoughts, feelings etc.

## READING SKILLS

- Develop story
- Reads diary
- Reads letters from friends

## WRITING SKILLS

- Diary
- Letter
- Announcement

## FEBRUARY, MARCH

To improve the presentation power, diary, letter, announcement, description, notice, proclamation, thouths.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ 2025.26

## യു. പി -മലയാളം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാവിൽ അർത്ഥപൂർണ മായ വായന ഉറപ്പുവരുത്തുക | ഭിന്ന നിലവാരത്തിലുള്ള കുട്ടികൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ വായി ക്കാൻ നൽകുക, പത്രം, ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. വായിച്ച പുസ്തകത്തെ അടിസ്ഥാനമാക്കി വായനകുറിപ്പ് എഴുതുന്നു. | മലയാളം അധ്യാപിക | എല്ലാദിവസവും | |
| 2. ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസം വേദന നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ വ്യത്യസ്ത നിലവാരമുള്ള കുട്ടികൾ അവർക്ക് പറ്റുന്ന രീതിയിൽ (അനുഭവം പങ്കുവെക്കൽ, കുറിപ്പ് തയ്യാറാക്കൽ, ചിത്രം വരയ്ക്കൽ, കഥ, കവിത, യാത്രാനുഭവം) അവതരിപ്പി ക്കുന്നു. ഓരോ വിഭാഗക്കാർക്കും പരസ്പരം വിലയിരുത്താനും മെച്ചപ്പെടുത്താനും അവസരം നൽകുന്നു | മലയാളം അധ്യാപിക | ജൂൺമാസം | |
| | | | | |

| | | | | |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും വ്യത്യസ്തശേഷികൾ വികസിപ്പിക്കുക | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഓരോ കുട്ടിയുടെ യും കഴിവിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു. ഉദാഹരണത്തിന് പരിസ്ഥിതി ദിനം, ചിത്രം വരയ്ക്കാൻ, പരിസ്ഥിതി സംരക്ഷ ണം, കുറിപ്പ്, പ്രസംഗം, കവിതാരചന തുടങ്ങി ഭിന്ന നിലവാരത്തിലുള്ള കുട്ടികൾക്ക് അവരവരുടെ ശേഷികൾ വികസിപ്പിക്കാനാവുന്ന പ്രവർത്തന ങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരം നൽകുന്നു. ഓരോ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങളിലും ഓരോ കുട്ടിയെയും പരിഗണിച്ചു കൊണ്ടുള്ള വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. | മലയാളം അധ്യാപിക | ജൂൺ ഡിസംബർ | |

# ACADEMIC MASTER PLAN

# 2025-26

# ENGLISH-UP

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷ അനായാസം സംസാരിക്കാൻ അവസരം ഒരുക്കുന്നു. (കേൾക്കാനുള്ള അവസരം സംസാരിക്കാനുള്ള അവസരം.) | - ഇംഗ്ലീഷ് വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.<br>- ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ സാഹചര്യം ഒരുക്കു ന്നു.<br>- ഇംഗ്ലീഷ് poem കേൾപ്പിക്കുന്നു.<br>- വിവിധ വസ്തുക്കളുടെ പേരുകൾ ലോട്ട് ചെയ്തു കൊടുത്ത് കിട്ടിയ വസ്തുവിനെ കുറിച്ച് സംസാരിപ്പിക്കുന്നു.<br>- പ്രശസ്ത poet, author ഇവരെ കുറിച്ചുള്ള പ്രൊഫൈൽസ് വായിപ്പിക്കുന്നു.<br>- കൂടെത്തന്നെ പാഠപുസ്തക വായന നിരന്തരം നന്നായി പ്രാക്ടീസ് ചെയ്യിപ്പിക്കുന്നു. ഇടയിൽ വെച്ച് pose ചെയ്ത് അധ്യാപിക കുട്ടികളുടെ listening ടെസ്റ്റ് ചെയ്യാനായി ചോദ്യങ്ങൾ ചോദിക്കുന്നു.<br>- ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. | ഇംഗ്ലീഷ് അധ്യാപകൻ/ അധ്യാപിക | ജൂൺ മാർച്ച് |
| 2. | ഇംഗ്ലീഷ് വായന പരിപോഷിപ്പിക്കുന്നു | - ക്ലാസ് മുറിയിൽ പത്രവായന പരിശീലിപ്പിക്കൽ<br>- വായനാ കാർഡുകൾ നൽകി പരസ്പരം കൈമാറൽ വായനക്ക് അവസരം ഒരുക്കൽ.<br>- ലൈബ്രറി പുസ്തകം ഇംഗ്ലീഷ് വ്യക്തി വ്യത്യാസത്തിനനുസരിച്ച് കുട്ടികൾക്ക് നൽകുന്നു.<br>- വായിച്ച പുസ്തകത്തിൻറെ റിവ്യൂ അവതരിപ്പി | ഇംഗ്ലീഷ് ടീച്ചർ | ജൂൺ മാർച്ച് |

| | | | | |
|---|---|---|---|---|
| | | ക്കാൻ അവസരം ഒരുക്കുന്നു.<br>- ആശയം നൽകി ഏകാഭിനയത്തിന് അവസരം ഒരുക്കുന്നു.<br>- ഇംഗ്ലീഷ് വായനാ മൂല സജീവമാക്കുന്നു.<br>- പാഠഭാഗത്തുള്ള റെയർ വാക്കുകൾ ചാർട്ടിൽ തിരിച്ചെഴുതി പ്രദർശിപ്പിച്ച് നേരെ വായിപ്പിക്കുന്നു. | | |
| 3. | ഇംഗ്ലീഷ് തെറ്റു കൂടാതെ എഴുതാൻ പ്രാപ്തരാക്കുന്നു. | • കുട്ടികളുടെ കലാ സൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു.<br>• ദിനാചരണത്തോടനുബന്ധിച്ചു മാസിക തയ്യാറാക്കുന്നു.<br>• കടംകഥകൾ, കുസൃതി ചോദ്യങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുന്നു.<br>• ബോർഡിൽ എഴുതിയ വാക്കുകൾ ഒരു പ്രാവശ്യം വായിച്ചശേഷം കാണാതെ നോട്ടിൽ എഴുതാൻ ആവശ്യപ്പെടുന്നു.<br>• സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ തയ്യാറാക്കാൻ അവസരം നൽകി അവ ക്ലാസ് റൂമിലും സ്കൂളിലും പ്രദർശിപ്പിക്കുന്നു. | ഇംഗ്ലീഷ് ടീച്ചർ | ജൂൺ<br>മാർച്ച് |
| 4. | ഇംഗ്ലീഷ് നോടുള്ള ആത്മാവിശ്വാസം വളർത്തൽ | • ഇംഗ്ലീഷ് ഡേ ആചരിച്ച് വിവിധ കലാപരിപാടികൾ നടത്താൻ അവസരം ഒരുക്കുന്നു. | ഇംഗ്ലീഷ് ക്ലബ്ബ് | ഡിസംബർ<br>മാർച്ച് |

# അക്കാദമിക

# മാസ്റ്റർ പ്ലാൻ 2025.26

## യു. പി -ഗണിതം

| ലക്ഷ്യം | പ്രവർത്തനം | ടാർജറ്റ് ഗ്രൂപ്പ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | മനക്കണക്ക്, നിത്യജീവിതവു മായി ബന്ധപ്പെട്ട കണക്കുകൾക്ക് അവസരം ഒരുക്കൽ ഗുണനപ്പട്ടികയുടെ പരിശോധന വർക്ക് ഷീറ്റ് | V, VI, VII ക്ലാസിലെ കുട്ടികൾ | ജൂൺ - മാർച്ച് | അധ്യാപകൻ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും ശേഷികളുടെ വികാസവും<br><br>ഗണിത പഠന പ്രവർത്തന ങ്ങൾ സുഗമമാക്കൽ<br><br>ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിത ശില്പശാല കളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്ന തിനുള്ള പ്രവർത്ത നങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ ഉപയോഗിക്കുന്നു)<br><br>ഒറിഗാമി ശില്പശാല<br>ഒറിഗാമിയിലൂടെ ഗണിതശേഷി കൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു.<br><br>വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് ഒരുക്കൽ ജ്യാമി തീയ രൂപങ്ങൾ ചതുഷ്ഫലകങ്ങൾ ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | V<br>VI<br>VII<br><br>ക്ലാസിലെ കുട്ടികൾ | ജൂൺ<br>മാർച്ച് | | അധ്യാപകൻ<br>കുട്ടികൾ |

# അക്കാദമിക

# മാസ്റ്റർ പ്ലാൻ 2025.26

## യു. പി

## അടിസ്ഥാന ശാസ്ത്രം

| ക്രമ നം | പദ്ധതി | പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല/ പിന്തുണ | കാലയളവ് |
|---|---|---|---|---|---|
| 1 | കൃഷിയോടുള്ള ആഭിമുഖ്യം വളർത്തൽ | വിദ്യാലയ പരിസര ത്ത് ഒരു പച്ചക്കറി തോട്ടം | വിഷവിമുക്ത പച്ച ക്കറികൾ ലഭ്യമാ ക്കൽ, കുട്ടികളിൽ മാനസിക ഉല്ലാസം | അധ്യാപകർ പി.ടി.എ | ജൂൺ മാർച്ച് |
| 2 | ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്രവുമായി ബന്ധപ്പെട്ട് ഓരോ ക്ലാസിലും ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു. | നൂതന അറിവുകൾ ലഭ്യമാക്കൽ | ശാസ്ത്ര അധ്യാപിക | ജൂൺ മാർച്ച് |
| 3 | ശലഭോദ്യാനം നിർമ്മിക്കൽ | ശലഭങ്ങളെ ആകർഷിക്കു ന്ന സസ്യങ്ങൾ നട്ടുവളർ ത്തുക. | ആവാസ വ്യവസ്ഥ സംരക്ഷണം, ജൈവ വൈവിധ്യ സംരക്ഷണം | അധ്യാപകർ | ആഗസ്റ്റ് മാർച്ച് |
| 4 | ഔഷധത്തോട്ട നിർമ്മാണം | വിവിധ തരത്തിലുള്ള ഔഷധസസ്യങ്ങൾ നട്ടുവ ളർത്തി സംരക്ഷിക്കുക | ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറി യൽ, പ്രകൃതിസ്നേഹം വളർത്തൽ. | പരിസ്ഥിതി ക്ലബ്ബ്, സയൻസ് ക്ലബ്ബ് | സെപ്റ്റംബർ മാർച്ച് |
| 5 | സോപ്പ് നിർമ്മാണം | എം.പി.ടി.എ യുടെ സഹകരണത്തോടെ സോപ്പ് ഉണ്ടാക്കുക. | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ | സയൻസ് ക്ലബ്ബ് | ഒക്ടോബർ മാർച്ച് |

| | | | | | |
|---|---|---|---|---|---|
| 6 | നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണം | വീട്ടിൽ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണം ചെയ്യുന്നു. | നൂതനാശയങ്ങൾ കുട്ടികളിൽ വളർത്തൽ, പഠന പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കൽ | ശാസ്ത്ര അധ്യാപിക | ജൂൺ മാർച്ച് |
| 7 | ആരോഗ്യം സർവ്വപ്രധാനം | ആരോഗ്യ ചെക്കപ്പ് വ്യായാമം പരിശീലിപ്പിക്കൽ, ലഹരി ബോധവൽക്കരണ പ്രവർത്തനങ്ങൾ | ആരോഗ്യകരമായ ഭക്ഷണത്തിന്റെയും വ്യായാമത്തിന്റെയും പ്രാധാന്യം ബോധ്യപ്പെടുത്തുന്നു. | ആരോഗ്യ ക്ലബ്ബ് സയൻസ് ക്ലബ്ബ് | ആഗസ്റ്റ് മാർച്ച് |
| 8 | ഫീൽഡ് ട്രിപ്പ് | പാഠഭാഗവുമായി ബന്ധപ്പെടുത്തി വിവിധ ഫീൽഡ് ട്രിഫുകൾ സംഘടിപ്പിക്കുന്നു | പ്രകൃതിയെ അറിയൽ ആവാസവ്യവസ്ഥ പരിചയപ്പെടൽ | സീഡ് ക്ലബ്ബ് സയൻസ് ക്ലബ് | സപ്തംബർ മാർച്ച് |
| 9 | ലാബ് ശാക്തീകരണം | ലബോററ്ററി ഉപകരണങ്ങൾ ക്രമീകരിക്കൽ ലിസ്റ്റ് തയ്യാറാക്കൽ ശാസ്ത്രജ്ഞന്മാരുടെ ഫോട്ടോ ശേഖരണം | ഉപകരണം കൈകാര്യം ചെയ്യൽ പ്രവർത്തനങ്ങളിൽ പങ്കാളികളാവൽ | സയൻസ് ക്ലബ്ബ് | ജൂൺ മാർച്ച് |

# അക്കാദമിക

# മാസ്റ്റർ പ്ലാൻ 2025.26

# യു. പി

# സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | ടാർജറ്റ്ഗ്രൂപ്പ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിൻറെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികൾ ഓരോ പഠിതാവിനും നൽകുന്നു<br>ഓർമ്മച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയു ള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവി ധ്യങ്ങൾ തുടങ്ങിയ അടി സ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗി ച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | യു.പി<br><br>യു.പി | അക്കാദമിക വർഷാരംഭം<br><br>അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപിക<br><br>സാമൂഹ്യശാസ്ത്ര അധ്യാപിക | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual Field Trip<br>ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | യു.പി | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തന ങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധ വാന്മാരാക്കുന്നു | ഭൂകമ്പം, സുനാമി, കൊടു ങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളി ലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാ ക്കുകയും അഗ്നിശ മനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺ സ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്ക ളെ ബോധവാന്മാരാക്കുക യും ചെയ്യുന്നു. | യു.പി | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപിക മറ്റ് അധ്യാപികമാർ | |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങ ളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സാമൂഹ്യശാസ്ത്ര ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥന്മാരു ടെയും ട്രാഫിക് പോലീസി ന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാ ക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നെ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു | യു.പി | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപിക മറ്റ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| സാമൂഹ്യശാസ്ത്ര വിഷയങ്ങളി ലൂടെ പഠിതാക്കളെ അന്തർ ദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ട് എന്ന രീതിയിലുള്ള ചോദ്യോത്തര വേദികൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | യുപി | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭയിൽ മാതാപിതാക്കളോടൊപ്പം കുട്ടികളെയും പങ്കെടുപ്പിച്ച് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | യുപി | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപിക | |

# അക്കാദമിക

# മാസ്റ്റർ പ്ലാൻ 2025.26

## സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | **ഭാഷ ജ്ഞാനം**<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം അക്ഷരമാല കളികൾ<br>• അക്ഷരമരം നിർമ്മിക്കൽ<br>• കാർട്ടൂൺ പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ 10 സെപ്റ്റംബർ | അക്ഷര ചാർട്ട് പാഠപുസ്തകം ഐ.സി.ടി | എസ് ആർ ജി സംസ്കൃതം അധ്യാപിക |
| | **പറയാം പഠിക്കാം**<br>• ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്രകഥകൾ<br>• ലഘു സംഭാഷണങ്ങൾ/ നിത്യജീവിതത്തിൽ പ്രയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ ഫെബ്രുവരി | സംസ്കൃത കഥാപുസ്തകം ചാർട്ട് പുസ്തകം ഐസിടി | സംസ്കൃതം ടീച്ചർ |
| 2. വീട് ഒരു പരീക്ഷണശാല | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക ഐസിടി സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | ഒക്ടോബർ 10 ഡിസംബർ | സംസ്കൃതം നിഘണ്ടു | |
| 3. വായനലോകം (കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടു വരൽ) | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• സംസ്കൃതം പീരിയഡിൽ ആദ്യത്തെ അഞ്ച് | 6 മാസം | ക്ലാസ് ലൈബ്രറി | സംസ്കൃതം ടീച്ചർ |

| | | | | |
|---|---|---|---|---|
| | മിനിറ്റ് ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക.<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ ക്ലാസിലും അസംബ്ലിയിലും അഭിനന്ദിക്കുക. | | | |
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന ഭാഷാ നേട്ടങ്ങൾ | • ക്ലബ്ബ് രൂപീകരണം<br>• പഠനോപകരണം നിർമ്മാണം<br>• കലണ്ടർ നിർമ്മാണം | ജൂൺ മാർച്ച് | ചാർട്ട് ചിത്രം | |
| 5. മത്സരപ്പ പരീക്ഷകൾക്ക് തയ്യാറാക്കൽ | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• ക്വിസ് മത്സരം നടത്തുന്നു<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കി നൽകുന്നു. | ജൂൺ മാർച്ച് | ക്ലാസ് റൂം | സംസ്കൃതം ടീച്ചർ |
| 6. ആസ്വാദനലോകം ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | • നാടകം കൂത്ത് കൂടിയാട്ടം തുടങ്ങിവയുടെ വീഡിയോ കാണാൻ അവസരം നൽകുന്നു<br>• മാസത്തിൽ ഒരുതവണ ആസ്വാദനസഭ ചേരുന്നു<br>• കുട്ടികൾക്ക് സഭ അവതരിപ്പിക്കാൻ അവസരം നൽകൽ | | | |
| 7. പ്രത്യേകം പരിഗണന അർഹിക്കുന്ന വർക്കായുള്ള പ്രവർത്തനങ്ങൾ | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു പ്രത്യേകം ക്ലാസുകൾ നൽകുന്നു | ജൂൺ മാർച്ച് | ക്ലാസ് റൂം | |

# അക്കാദമിക

# മാസ്റ്റർ പ്ലാൻ 2025.26

# ഹിന്ദി

| ക്രമ നം | പ്രവർത്തനങ്ങൾ | ദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ | ജൂൺ 3 | 6,7 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് | ലഹരി ഉപയോഗത്തി നെതിരെ പ്രവർത്തി ക്കാൻ കുട്ടികളെ തല്പരരാക്കുന്നു |
| 2 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ച് അറിവുകൾ നൽകുന്നു. | ജൂൺ 4 | 6, 7 | ഹിന്ദി അധ്യാപകർ മറ്റു ഭാഷാ അധ്യാപകർ ഹിന്ദി ക്ലബ്ബ് | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ ട്രാഫിക് നിയമങ്ങൾ എന്നിവയെ കുറിച്ച് അറിവുകൾ ഹിന്ദി ഭാഷയിലൂടെ നൽകുന്നു വർദ്ധിപ്പിക്കാൻ ഇതിലൂടെ സാധിക്കുന്നു |
| 3 | പരിസ്ഥിതി ദിനം | ജൂൺ 5 | 6, 7 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് | വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം എന്നിവയുടെ ആവശ്യകത യെക്കുറിച്ച് മനസ്സിലാക്കു ന്നു. |
| 4 | വായനാദിനം, അഞ്ചാം ക്ലാസിലെ ഹിന്ദി ക്ലബ്ബ് രൂപീകരണം | ജൂൺ 19 | 5,6,7 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് | |
| 5 | ലഹരി വിരുദ്ധ ദിനം ലഹരി ഉപയോഗത്തിനെതിരെ | ജൂൺ 26 | 5, 6, 7 | ഹിന്ദി അധ്യാപകർ | ലഹരി ഉപയോഗത്തിനെതി |

| | | | | | |
|---|---|---|---|---|---|
| | അവബോധം സൃഷ്ടിക്കാൻ കവിത | | | ഹിന്ദി ക്ലബ്ബ് | രെ പ്രവർത്തിക്കാൻ കുട്ടികളെ താൽപരരാക്കുന്നു |
| 6 | പ്രേംചന്ദ് ജയന്തി | ജൂലൈ 31 | 5, 6, 7 | ഹിന്ദി അധ്യാപകർ | പ്രേംചന്ദിനെ കുറിച്ച് അറിയാനും ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ തല്പരരാക്കാനും ജീവിത വിജയത്തിന് പ്രതിസന്ധികൾ തടസ്സമല്ലെന്ന് ബോധ്യപ്പെടുത്താനും കഴിയുന്നു. |
| 7 | കുട്ടികളെ കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക | സെപ്റ്റംബർ 14 | 5, 6, 7 | ഹിന്ദി അധ്യാപകർ | ഭാഷയുടെ പ്രാധാന്യവും ആവശ്യവും മനസ്സിലാക്കുന്നു |
| 8 | ഗാന്ധിജയന്തി | ഒക്ടോബർ 2 | 5, 6, 7 | ഹിന്ദി അധ്യാപകർ<br>ക്ലാസ് അധ്യാപകർ<br>മറ്റ് അധ്യാപകർ<br>പി.ടി.എ<br>രക്ഷിതാക്കൾ<br>ഹിന്ദി ക്ലബ്ബ് | സ്കൂൾ പരിസരം വൃത്തിയാക്കുന്നു |
| 9 | ശിശുദിനം | നവംബർ 14 | | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | ചാച്ചാജിയെ കുറിച്ച് അറിയാനും, ദേശസ്നേഹം വർദ്ധിപ്പിക്കാനും, പ്രസംഗം അവതരിപ്പിക്കുന്നതിലൂടെ ഭാഷയെ വികസിപ്പിക്കാനും സാധിക്കുന്നു. |
| 10 | വിശ്വ ഹിന്ദി ദിനം പോസ്റ്റർ നിർമ്മാണം പ്രസംഗം | ജനുവരി | 5, 6 | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | ഭാഷയിൽ വാക്ചാതുരി ലഭിക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 11 | ഹിന്ദി നാടകോത്സവം<br>• കഥാ വായന<br>• കഥാരചന<br>• അഭിനയ പരിശീലനം<br>• ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം<br>• വേദികളിൽ അവതരണത്തിന് അവസരം | ഒരു വർഷം | 5, 6, 7 | ഹിന്ദി അധ്യാപകർ<br>ക്ലാസ് അധ്യാപകർ<br>മറ്റ് അധ്യാപകർ<br>പി.ടി.എ<br>രക്ഷിതാക്കൾ<br>ഹിന്ദി ക്ലബ്ബ് | ഭാഷാജ്ഞാനം വർദ്ധിപ്പിക്കാൻ സാധിക്കുന്നു |